# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നികുതി വർദ്ധനവ്

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :3420** **16.12.15- ൽ മറുപടി നൽ കേണ്ടത്**

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ഡോ.എം.കെ.മുനീർ,<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | പഞ്ചായത്തുകളുടെ നികതി പിരിവ് വർദ്ധിപ്പിക്കുന്നതിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളത്; | (എ) | ഗ്രാമപഞ്ചായത്തുകളുടെ തനതു വരുമാനത്തിലെ പ്രധാന സ്രോതസ്സ് നികുതികളാണ് എന്നതിനാൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. ഗ്രാമപഞ്ചായത്തുകളുടെ നികതി പിരിവ് വർദ്ധിപ്പിക്കുന്നതിൽ, പുതുതായി നിർദ്ദേശങ്ങളൊന്നും നല്കിയിട്ടില്ല. |
| (ബി) | വീട്ടുകരം വർദ്ധിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ; ഇതിനായി എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; വർദ്ധിച്ച കരം എന്നുമുതൽ ഈടാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത് ; | (ബി) | ഇല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം, ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചു കൊണ്ട് 2011-ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. ടി നിരക്ക് പുതിയ കെട്ടിടങ്ങൾക്ക് 14-01-2011 മുതലും മുമ്പ് വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് 01-04-2013 മുതലും ബാധകമാണ്. വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 27-04-2014-ലെ സ.ഉ(എം.എസ്) നം.144/15/തസ്വഭവ ദേഗതി ഉത്തരവ് പ്രകാരം 2000 സ്ക്വയർ ഫീറ്റ് വരെ തറവിസ്തീർണ്ണമുള്ളതും വിസ്തീർണ്ണം വർദ്ധിപ്പിച്ചിട്ടില്ലാത്തതുമായ വീടുകൾക്ക് നിലവിലുള്ള നികുതി തന്നെ ഈടാക്കിയാൽ മതിയാകുന്നതാണ്. അവർക്ക് നികുതി വർദ്ധനവ് ബാധകമല്ല. വിസ്തീർണ്ണം വർദ്ധിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് വർദ്ധനക്ക് ആനുപാതികമായി നിലവിലുള്ള സ്ക്വയർ ഫീറ്റ് |

| | | | |
|---|---|---|---|
| | | | നിരക്കനുസരിച്ച് നികുതി നല്കണം. 2000 സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള വീടുകൾക്ക് 01-04-2013 മുതൽ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കുമ്പോൾ നിലവിലുള്ള നികുതിയുടെ 25% ൽ അധികമാകാൻ പാടില്ല എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ 660 സ്ക്വയർ ഫീറ്റുവരെയുള്ള എല്ലാ വാസഗൃഹകെട്ടിടങ്ങളെയും 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതുമാണ്. |
| (സി) | പഞ്ചായത്തുകളിൽ നിന്നും നൽകുന്ന സേവനങ്ങൾക്ക് ഏതെല്ലാം തരത്തിൽ ഫീസ് ഏർ പ്പെടുത്താൻ നിർ ദ്ദേശിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (സി) | ശുചിത്വ പരിപാലനം, ജല വിതരണം, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർ പ്പെടുത്തിയിട്ടുള്ളിടത്തെല്ലാം 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ വസ്തു നികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നല്കുന്നുണ്ട്.<br>26-)ാം ചട്ട പ്രകാരം ചുമത്തപ്പെടുന്ന സേവന ഉപനികുതി 27-)ാം ചട്ടത്തിൽ പറയുന്ന നിരക്കുകളിൽ കുറവായിരിക്കാൻ പാടില്ല എന്ന് ടി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>എ) ശുചിത്വ പരിപാലനം (അതത് പ്രദേശത്തെ കെട്ടിടത്തിന്റെ പൊതുവായ ശുചിത്വ പരിപാലനത്തിനും, ചപ്പു ചവറുകൾ, പക്ഷി മൃഗാദികളുടെ ജീർണ്ണ അവശിഷ്ടം, വിസർജ്ജ്യവസ്തുക്കൾ തുടങ്ങിയ ഖര മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ചെലവുകൾക്ക്) - കെട്ടിടത്തിന്റെ വസ്തുനികുതിയുടെ 4%<br>ബി) ജലവിതരണം (തെരുവു ടാപ്പുകൾ ഉൾ പ്പെടെയുള്ള ജലവിതരണ സംവിധാനങ്ങളുടെ ചെലവുകൾക്ക്) - കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 3%<br>സി) തെരുവു വിളക്കുകൾ (സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾക്ക്) - കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 2% |

| | | | |
|---|---|---|---|
| | | | ഡി) ഡ്രെയിനേജ് (അഴുക്കുചാൽ സംവിധാനം ഉൾപ്പെടെയുള്ള ചെലവുകൾക്ക്) - കെട്ടിടത്തിന്റെ വസ്തുനികുതിയുടെ 1% |
| (ഡി) | പഞ്ചായത്തുകളിൽനിന്നും നൽകുന്ന ലൈസൻസുകൾക്ക് ഫീസ് വർദ്ധിപ്പിക്കാൻ നിർ ദ്ദേശിച്ചിട്ടുണ്ടോ ; ആയതിന്റെ മാനദണ്ഡവും ഫീസ് ഘടനയും വിശദമാക്കാമോ ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും മുനിസിപ്പൽ കോർപ്പറേഷനുകളിലേയും വസ്തുനികുതി പരിഷ്കരണം - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

==========================================================

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(എം. എസ്) നം. 144/15/തസ്വഭവ. തിരുവനന്തപുരം, തീയതി 27/04/15

==========================================================

പരാമർശം:

1. സ.ഉ(അ) നം. 17/2011/തസ്വഭവ തീയതി 14/01/11
2. സ.ഉ(അ) നം.18/2011/തസ്വഭവ തീയതി 14/01/2011
3. സ.ഉ(അ) നം. 19/2011/തസ്വഭവ തീയതി 14/01/2011
4. സ. ഉ (അ) നം. 20/2011/തസ്വഭവ നമ്പർ തീയതി 14-01-2011.
5. സ. ഉ (പി) നം. 88/2013/തസ്വഭവ നമ്പർ തീയതി 13-03-2013.
6. സ.ഉ(അ) നം.100/2013/തസ്വഭവ തീയതി 15/03/2013
7. സ.ഉ(എം.എസ്) നം. 210/13/തസ്വഭവ തീയതി 04/06/2013
8. സ.ഉ(എം.എസ്) നം. 371/13/തസ്വഭവ തീയതി 02/12/2013
9. സ.ഉ(എം.എസ്) നം. 33/15/തസ്വഭവ തീയതി 18/02/15
10. സ.ഉ(അ) നം. 36/2015/തസ്വഭവ തീയതി 24/02/2015

### ഉത്തരവ്

പരാമർശം (2)-ലെ ഉത്തരവ് പ്രകാരം നഗരസഭകളിൽ വസ്തു നികുതി പരിഷ്കരിച്ച് കൊണ്ട് 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. പരാമർശം(6)-ലെ ഉത്തരവ് പ്രകാരം, 2013-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിരുന്നു.

പരാമർശം (4)-ലെ ഉത്തരവ് പ്രകാരം 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും പരാമർശം (5)-ലെ ഉത്തരവ് പ്രകാരം 2013-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചു. പരാമർശം (3)-ലെ ഗ്രാമ പഞ്ചായത്തുകളിലെ വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനത്തിന് പരാമർശം(10)-ലെ ഉത്തരവ് പ്രകാരം ഭേദഗതിയും പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (7) (8) (9)-ലെ ഉത്തരവുകൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സ്പഷ്ടീകരണം നൽകിയും ഉത്തരവായിട്ടുണ്ട്

ഗ്രാമപഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റി / മുനിസിപ്പൽ കോർപ്പറേഷനുകളിലേയും വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി നൽകി ഇതിനാൽ ഉത്തരവാകുന്നു.

1. 2000 സ്ക്വയർ ഫീറ്റ് വരെ തറ വിസ്തീർണ്ണമുള്ളതും വിസ്തീർണ്ണം വർദ്ധിപ്പിച്ചിട്ടില്ലാത്തതുമായ വീടുകൾക്ക് പുതുക്കിയ ചട്ടപ്രകാരമുള്ള നികുതി വർദ്ധന ബാധകമാക്കേണ്ടതില്ല. അവർക്ക് 1.04.2013-ന് മുമ്പ് നിലവിലുണ്ടായിരുന്ന നികുതി തന്നെ ഈടാക്കിയാൽ മതിയാകുന്നതാണ്. വിസ്തീർണ്ണം വർദ്ധിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് വർദ്ധനക്ക് ആനുപാതികമായി നിലവിലുള്ള സ്ക്വയർ ഫീറ്റ് നിരക്കനുസരിച്ച് നികുതി വർദ്ധിപ്പിക്കേണ്ടതാണ്.
2. വിസ്തീർണ്ണം 2000 സ്ക്വയർ ഫീറ്റിൽ അധികരിക്കുന്ന കെട്ടിടങ്ങൾക്ക് 1/4/2013 മുതൽ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കുമ്പോൾ അപ്രകാരമുള്ള വീടുകൾക്ക് നികുതി വർദ്ധന ഉണ്ടാകുന്നുണ്ടെങ്കിൽ ആയത് നിലവിലുള്ള നികുതിയുടെ 25% –ൽ അധികരിക്കാൻ പാടില്ലാത്തതാണ്. നികുതി നിർണ്ണയിച്ച ശേഷം പുതിയതായി കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിൽ അതിന് ആനുപാതികമായ വർദ്ധനവ് വരുത്തേണ്ടതാണ്.
   ഏറ്റവും ഒടുവിൽ നടത്തിയ വാർഷിക വസ്തു നികുതി നിർണ്ണയത്തിനോ, പുനർനിർണ്ണയത്തിനോ ശേഷം പ്രസ്തുത കെട്ടിടത്തിന് വിസ്തൃതി വർദ്ധിപ്പിച്ചിട്ടില്ലെങ്കിൽ ആ കെട്ടിടങ്ങളുടെ വസ്തു നികുതി വർദ്ധനവിൽ നിന്ന് ഒഴിവാക്കുമ്പോൾ അവരിൽ നിന്നും ഇതിനകം ഈടാക്കിയിട്ടുള്ള തുകകൾ ഭാവി വർഷങ്ങളിലേക്ക് അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.
3. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യ, വ്യവസായ കെട്ടിടങ്ങളുടെ വാർഷിക വസ്തു നികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ വാർഷിക വസ്തു നികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നുവെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് 100% -ൽ അധികരിക്കാൻ പാടില്ല. പുതിയ നിർമ്മാണം ഉണ്ടെങ്കിൽ ആനുപാതിക വർദ്ധനവ് അധികമായി ചുമത്തേണ്ടതാണ്.
4. 660 സ്ക്വയർഫീറ്റ് വരെ വിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹ കെട്ടിടങ്ങളേയും വസ്തു നികുതിയിൽ നിന്നും ഈ സാമ്പത്തിക വർഷം (2015-16) മുതൽ ഒഴിവാക്കേണ്ടതാണ്.
5. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കുന്നതാണ്.
6. ഈ ഉത്തരവിനനുസരണമായി ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
(ജയിംസ് വർഗ്ഗീസ്)
പ്രിൻസിപ്പൽ സെക്രട്ടറി.

1. പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം.
2. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
3. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
4. നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം.

5. എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
6. എല്ലാ റീജയണൽ ജോയിന്റ് ഡയറക്ടർമാർക്കും. (നഗരകാര്യ ഡയറക്ടർ മുഖേന).
7. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റു സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
8. ഡയറക്ടർ, KILA,
9. ഡയറക്ടർ, വിവര- പൊതുജന സമ്പർക്ക വകുപ്പ്.
10. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ

പകർപ്പ്
1. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 6648 തീയതി 22-4-15)
2. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
3. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
4. തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.
5. തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്.
6. നഗരകാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്

(ശരിപ്പകർപ്പ്)

[signature]

സെക്ഷൻ ഓഫീസർ